പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം .* 185 — 09.12.2014 ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്റ്റ് പബ്ലിക് പോർട്ടൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ. പാലോട് രവി**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. ജോസഫ് വാഴയ്ക്കൻ** | **ശ്രീ.പി .കെ .കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഇ-ഡിസ്ട്രിക്റ്റ് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ഇഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ നല്കിവരുന്ന സംസ്ഥാന സർക്കാർ സേവനങ്ങൾ ഇന്റർനെറ്റ് വഴി ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് കൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഡിസ്ട്രിക്റ്റ് പബ്ലിക് പോർട്ടലിന്റെ ഉദ്ദേശ ലക്ഷ്യം. |
| (സി) സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത്; | (സി) ഇ-ഡിസ്ട്രിക്റ്റ് പബ്ലിക് പോർട്ടലായ www.edistrict.kerala.gov.in മുഖേന ഒറ്റത്തവണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാക്കുന്ന ഏതൊരാൾക്കും പോർട്ടലിൽ ലഭ്യമായ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്.<br>എസ്.എസ്.എൽ.സി, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ വിവരങ്ങൾ ഇ-ഡിസ്ട്രിക്റ്റുമായി ബന്ധിപ്പിക്കപ്പെട്ടതിനാൽ പബ്ലിക്ക് പോർട്ടലലിലൂടെ ലഭിക്കുന്ന ഈ രേഖകളുടെ ആധികാരികത വില്ലേജ് ഓഫീസർമാർക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇതിൽ ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ സമർപ്പിക്കുന്ന അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന അവസരത്തിൽ അപേക്ഷകന് മൊബൈൽ എസ്.എം.എസ് വഴി അക്കാര്യം അറിയാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത് എന്ന് വിശദമാക്കാമോ ? | (ഡി) ഇ-ഡിസ്ട്രിക്റ്റ് പബ്ലിക് പോർട്ടൽ വഴി നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>• റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്ന 24 സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ<br>• വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ, ഒന്നാം അപ്പീൽ, ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളുമായി |

ബന്ധപ്പെട്ട സേവനങ്ങൾ (Public Grievance Services) തുടങ്ങിയവ.

- ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ലഭ്യമായ സേവനങ്ങൾ (വൈദ്യുതി ബിൽ, വെള്ളക്കരം, ബി.എസ്.എൻ.എൽ ടെലി ഫോൺ ബിൽ, വിവിധ യൂണിവേഴ്സിറ്റി ഫീസുകൾ, മോട്ടോർ വാഹന വകുപ്പ് ഫീസുകൾ എന്നിവ ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സൌകര്യം).

**സെക്ഷൻ ഓഫീസർ**